# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1993** **22.03.2012 ൽ മറുപടിക്ക്**

## ***സ്കൂളുകളിൽ എം.എൽ.എ ഫണ്ട് വിനിയോഗം***

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് അനുമതി നൽകിയിട്ടുള്ളത്; | എം.എൽ.എ പ്രത്യേക വികസന നിധിയുടെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം (1) പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളുകളുടെയും ഹോസ്റ്റൽ, ലൈബ്രറി തുടങ്ങിയവയ്ക്കായുള്ള കെട്ടിട നിർമ്മാണം - അനുബന്ധം 1(1), ആദിവാസി മേഖലകളിൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണം - അനുബന്ധം 1(20), അദ്ധ്യയനത്തിനുതകുന്ന ദൃശ്യ-ശ്രാവ്യ സഹായികൾ വാങ്ങൽ - അനുബന്ധം 1(26), കമ്പ്യൂട്ടർ സ്ഥാപിക്കൽ (സർക്കാർ ഉത്തരവ് (പി)നം.543/04/ധന., തീയതി 22.11.2004), ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ (സർക്കാർ ഉത്തരവ് (പി)നം.74/08/ധന., തീയതി 15.02.2006) എന്നീ പ്രവൃത്തികൾ സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിന് എം.എൽ.എ പ്രത്യേക വികസന നിധി വിനിയോഗിക്കാവുന്നതാണ്. കൂടാതെ സർക്കാർ ഉത്തരവ് (പി)നം.583/2010/ധന., തീയതി 15.11.2010 പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ബസ്സ് വാങ്ങുന്നതിനും വ്യവസ്ഥകൾക്ക് വിധേയമായി ടി. ഫണ്ട് വിനിയോഗിക്കാവുന്നതാണ്. |
| ബി. | ഇത്തരം സ്കൂളുകളിൽ സാനിട്ടറി സംവിധാനം ഉണ്ടാക്കുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സ്കൂളുകൾകളിൽ ടോയലറ്റുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ എം.എൽ.എ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയുടെ അനുബന്ധം 1 പ്രകാരം അനുവദനീയമാണ്. |

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.